LIBRARY ARCHIVES Kerala Legislative Assembly

മണലൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

67 (3773) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പെരുമല പട്ടികജാതി കോളനിക്ക് ഒരു കോടി രൂപ അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിക്കായി അനുവദിച്ച തുക ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കാൻ ഇതുവരെ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

&

(സി) പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി അനുവദിച്ച ഈ പദ്ധതി കൊച്ചിൻ ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡ്വാൻസായി 50 ലക്ഷം രൂപ വകുപ്പിൽനിന്ന് അനുവദിക്കുകയും ചെയ്തു. കമ്മ്യൂണിറ്റി ഹാൾ, കോൺക്രീറ്റ് റോഡ്, കുടിവെള്ള വിതരണ പൈപ്പ് ലൈൻ, വാട്ടർടാങ്ക് എന്നീ നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിലേയ്ക്ക് സ്വകാര്യ വ്യക്തികൾ വിട്ടുനൽകാമെന്ന് അറിയിച്ചിരുന്ന ഭൂമി സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പദ്ധതിക്കായി വിട്ടുതരണമെന്ന് അറിയിച്ച ഭൂമി കൊച്ചിൻ ദേവസ്വം ബോർഡും വിട്ടുതന്നിട്ടില്ല. ആയതിനാൽ ടി പദ്ധതി റദ്ദ് ചെയ്യുകയും റെയിൽവേസ്റ്റേഷൻ, പാരിക്കാട് കോളനികൾക്കായി തുക മാറ്റിവയ്ക്കുകയും ചെയ്തു.

തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻവാടി

68 (3774) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള വിജ്ഞാൻവാടിയുടെ പ്രവർത്തനം മതിയായ കമ്പ്യൂട്ടറുകളുടെയും പ്രിന്ററുകളുടെയും അനുബന്ധ സാധനങ്ങളുടെയും